# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *75 — 25.01.2018-ൽ മറുപടിക്ക്

### ഊരുമിത്രം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീമതി യു. പ്രതിഭ ഹരി<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.എം. മുകേഷ് : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ഊരുമിത്രം എന്ന പേരിൽ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | എ) | ഉണ്ട്. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 19.04.2017ലെ G.O.(Rt)No.1106/2017/H&FWD ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ദേശീയ ആരോഗ്യ മിഷൻ (എൻ.എച്ച്.എം) കേരള ഘടകം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഊരുമിത്രം. സംസ്ഥാനത്തെ ആദിവാസി മേഖലയിലെ മാതൃ ശിശു മരണം കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് ഊരുമിത്രം (ഹാംലെറ്റ് ആശ) പദ്ധതി 2016-17-ൽ ആരംഭിച്ചത്. |
| ബി) | ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | ഇപ്പോൾ വയനാട്, കണ്ണൂർ, ഇടുക്കി എന്നീ ജില്ലകളിലെ 6 പഞ്ചായത്തുകളിലായാണ് ഈ പദ്ധതി ആരംഭിച്ച നടപ്പിലാക്കിവരുന്നത്. |
| സി) | പദ്ധതിയ്ക്കായി വനിതാ വോളന്റിയർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | സി) | വാർഡ് മെമ്പർ അദ്ധ്യക്ഷനായി ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ കുടുംബശ്രീ വർക്കർ, ആശാ ട്രൈബൽ പ്രൊമോട്ടർ, അംഗൻവാടി വർക്കർ എന്നീ അംഗങ്ങൾ പങ്കെടുക്കുന്ന ഊരുകൂട്ടത്തിൽ വച്ച് താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ച് 2 വനിതകളെ നാമനിർദ്ദേശം ചെയ്യും. ഇപ്രകാരം ഓരോ ഊരിൽ നിന്നും നിർദ്ദേശിക്കപ്പെട്ട രണ്ട് പേരിൽ നിന്നും ദ്വിദിന പരിശീലന/ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ നിന്നും മികവുറ്റ ഒരു ഊരുമിത്രത്തെ ഓരോ ഊരിനും വേണ്ടി തിരഞ്ഞെടുക്കുന്നു.<br>• അതേ ഗോത്രത്തിൽ പെട്ടന്നതും വിവാഹിതയും ഒരു കുഞ്ഞിന്റെ അമ്മയും ആയിരിക്കണം. |

| | | | |
|---|---|---|---|
| | | | • എഴുത്തും വായനയും അറിഞ്ഞിരിക്കണം<br>• സന്നദ്ധ സേവനതല്പരയായിരിക്കണം.<br>• വൈകിയ സമയത്തും ജോലിയിൽ ഏർപ്പെടുന്നതിനായി കുടുംബാംഗ ങ്ങളുടെ പിന്തുണ ഉണ്ടായിരിക്കണം. |
| ഡി) | വനിതാ വോളന്റിയർമാർക്കുള്ള പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ടോ; | ഡി) | വയനാട് ജില്ലയിലെ ഊരുമിത്രം ആദ്യഘട്ട പരിശീലനം പൂർത്തിയായി. ഇടുക്കി ജില്ലയിൽ ജനുവരി മാസം 25ന് പരിശീലനം ആരംഭിക്കും. |
| ഇ) | പോഷകാഹാരക്കുറവ് മൂലമുള്ള പ്രശ്നങ്ങൾ, കൗമാരക്കാരുടെയും കുട്ടികളുടെയും ശാരീരിക മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് ഊരുമിത്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | ഇ) | സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**